നമ്മുടെ മുഖ്യമന്ത്രി അടക്കം മന്ത്രിമാർക്ക് ധാരാളം ഫയൽ നോക്കുന്ന ജോലിയുണ്ട്. അതുകൊണ്ട് ഫയൽ നോക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ ഏർപ്പെടുത്തുന്ന കാര്യം കെൽട്രോണുമായി ആലോചിക്കാമോ ? എന്നാൽ ഭാവിയിൽ മന്ത്രിമാരുടെ എണ്ണവും കുറയ്ക്കാം. അതുകൊണ്ട് മന്ത്രിമാരെ ഫയൽ നോക്കുന്നതിന് സഹായിക്കുവാൻ ഒരു കമ്പ്യൂട്ടർ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ കെ. എസ് ആർ. ടി. സി. യിലെ കമ്പ്യൂട്ടറൈസേഷനെക്കുറിച്ചാണ് ചോദ്യം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കെ. എസ്. ആർ. ടി സി. യിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുന്നതിന്റെ ഫലമായി പ്രതിവർഷം എത്രപേർക്ക് നിയമന സാദ്ധ്യത നഷ്ടപ്പെടും എന്ന് കണക്കാക്കിയിട്ടുണ്ടോ ? അങ്ങനെ യാതൊരു പഠനവുമില്ലാതെയാണ് ഈ പരിപാടി തുടങ്ങിയിട്ടുള്ളതെങ്കിൽ കമ്പ്യൂട്ടർവൽക്കരണ പരിപാടി നിർത്തിവയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളിൽ കെ. എസ്. ആർ. ടി. സി. യിൽ ഏർപ്പെടുത്തിയിട്ടുള്ള കമ്പ്യൂട്ടറൈസേഷൻകൊണ്ട് ആർക്കും തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. ഭാവിയിൽ അങ്ങനെയുണ്ടാകുമോ എന്നുള്ള ആശങ്കയാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ഉന്നയിച്ചത്. തീർച്ചയായും അതിനെക്കുറിച്ച് പരിശോധിക്കാം.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

തോട്ടം തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

* 78. [79] ശ്രീ ജി. വരദൻ :
,, എം. ജിനദേവൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം വിവിധ തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്.

(ബി) പ്ലാന്റേഷൻ ലേബർ കമ്മറ്റി അതിൻമേൽ ചർച്ച നടത്തി വരികയാണ്.

സമ്പൂർണ്ണ മദ്യനിരോധനം

* 79. [80] ശ്രീ. എം. വി. മാണി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly